HED
24/11/21

9/11/2021


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


ഹർജി നമ്പർ **AP No.23(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*578/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സുരേഷ് ബാബു എം.കെ.,
മാന്യേത്ത് വീട്,
ശ്രീ ശങ്കര കോളേജ് റോഡ്,
മാറ്റൂർ പി.ഒ., കാലടി,
എറണാകുളം-683574 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ആർ.വി.യു.എച്ച്.എസ്., ചെറായി പി.ഒ.,
   എറണാകുളം-683514

2. അപ്പീൽ അധികാരി,
   ജില്ലാ വിദ്യാഭ്യാസ ആഫീസ്,
   എറണാകുളം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 18.09.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 13.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 06.11.2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 06.01.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 12.01.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30.01.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 26.03.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 02.11.2021 & എറണാകുളം |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| --- | --- |
| ഹർജിക്കാരൻ | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുരേഷ് ബാബു എം.കെ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷ ഒന്നാം എതിർകക്ഷി നിഷേധിച്ചുവെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ടിയാന് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 18.09.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, സ്കൂളിലെ മാനേജ്മെന്റ് കമ്മറ്റിയുടെ 2017-18, 2018-19, 2019-20 വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളുടേയും ഓഡിറ്റ് റിപ്പോർട്ടിന്റെയും പകർപ്പുകൾ ലഭ്യമാക്കണമെന്നും സ്കൂളിലെ മാനേജ്മെന്റ് കമ്മറ്റിയുടെ 2017-18, 2018-19, 2019-20 വർഷങ്ങളിലെ വരവുകളുടെ രസീതുകളുടേയും ബില്ലുകളുടേയും പകർപ്പുകൾ ലഭ്യമാക്കണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട വരവ് ചെലവ് കണക്കുകൾ കൈകാര്യം ചെയ്യുന്നതും സൂക്ഷിക്കുന്നതും സ്കൂൾ മാനേജർ ആണെന്നും വിവരങ്ങൾ ലഭ്യമല്ലെന്നും കുട്ടികളുടെ വിടുതൽ സർട്ടിഫിക്കറ്റിൽ

വ്യക്തിഗത വിവരങ്ങൾ ഉൾപ്പെടുന്നതിനാൽ വിവരങ്ങൾ ലഭ്യമാക്കാൻ നിർവ്വാഹമില്ലെന്നുമാണ്. ആയതിനാൽ ടിയാൻ 27.10.2020 ൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരന് വിവരങ്ങൾ ലഭ്യമാക്കണമെന്ന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചതായി കാണുന്നു.

3. ഒന്നാം എതിർകക്ഷി 29.10.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, വിദ്യാലയത്തിലെ ജീവനക്കാരുടെ വ്യക്തിഗത വരുമാനത്തിൽ നിന്നും ലഭിക്കുന്ന തുക മാത്രമാണ് സ്കൂളിന്റെ ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നതെന്നും സർക്കാർ ഫണ്ടുകൾ ഉൾപ്പെട്ടിട്ടില്ലെന്നും പൊതു ഫണ്ടിൽ നിന്നോ സർക്കാർ ഫണ്ടിൽ നിന്നോ ചെലവഴിക്കപ്പെടുന്ന സംഖ്യകൾ മാത്രമാണ് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതെന്നും ആയതിനാലാണ് സ്കൂളിന്റെ മാനേജ്മെന്റ് കമ്മിറ്റിയുടെ വരവ് ചെലവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഹർജിക്കാരന് ലഭ്യമാക്കാതിരുന്നതെന്നും വിദ്യാലയത്തിൽ നിന്നും നൽകുന്ന വിടുതൽ സർട്ടിഫിക്കറ്റിൽ കുട്ടികളെ സംബന്ധിക്കുന്ന വ്യക്തിഗത വിവരങ്ങളായ ജനന തീയതി, ജാതി, രക്ഷിതാവിന്റെ പേര് എന്നിവ ഉൾപ്പെടുന്നതിനാലും പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ ഉൾപ്പെടെയുള്ള വിവരങ്ങൾ മറ്റൊരാൾക്ക് നൽകുന്നതുവഴി ആയത് കുട്ടികളുടെ സ്വകാര്യത ഹനിക്കപ്പെടുമെന്നതിനാലുമാണ് വിടുതൽ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ ഹർജിക്കാരന് നൽകാതിരുന്നതെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 18.09.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 13.10.2020 തീയതി മറുപടി നൽകിയതായി കാണുന്നു. ആയത് തൃത്പികരമല്ലാത്തതിനാൽ ടിയാൻ അപ്പീൽ സമർപ്പിച്ചു. അപ്പീൽ അധികാരി വിവരങ്ങൾ ലഭ്യമാക്കാൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചതായി കാണുന്നു. ആയത് ഒന്നാം എതിർകക്ഷി നടപ്പിലാക്കിയിട്ടില്ല എന്നും അപ്പീൽകക്ഷി ആവശ്യപ്പെട്ട വിവരങ്ങളും പകർപ്പുകളും ലഭ്യമാക്കണമെന്നും വിവരങ്ങൾ നൽകാതിരുന്ന ഒന്നാം എതിർകക്ഷിക്കെതിരെ വകുപ്പുതല നടപടിക്ക് ശുപാർശ ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. കമ്മീഷൻ 02.11.2021 ൽ എറണാകുളത്ത് വച്ച് നടത്തിയ ഹിയറിംഗിന് ഇരുകക്ഷികൾക്കും മുൻകൂട്ടി നോട്ടീസ് നൽകുകയും ഇരുവരും ആയത്കൈപ്പറ്റിയിട്ടുള്ളതുമാണ്. എന്നാൽ അപ്പീൽ ഹർജികക്ഷി പ്രസ്തുത ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം ഉള്ളതായി അറിയിക്കുകയോ ചെയ്തില്ല. ഒന്നാം എതിർകക്ഷി ഹിയറിംഗിൽ ഹാജരായി മൊഴി നൽകിയിട്ടുണ്ട്. ഹർജികക്ഷി നേരത്തെയും സ്വന്തം പേരിലും മറ്റുചിലരുടെ പേരിലും സമാനമായ പരാതികൾ അയക്കുകയും വിവരാവകാശ അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. 100 വർഷത്തിലധികം പഴക്കമുള്ള സ്കൂളിന്റെ സൽപ്പേരിനു കളങ്കം വരുത്തുന്നതിനായി ഇപ്രകാരം അപേക്ഷകളും പരാതികളും മറ്റും നൽകിവരുന്നതാണെന്നും ഒന്നാം എതിർകക്ഷി മൊഴിയിൽ പറഞ്ഞു. സമാനമായ വിവരാവകാശ അപേക്ഷകൾ കമ്മീഷൻ തള്ളിയിട്ടുള്ളതാണ് എന്ന് മൊഴിയിൽ പറഞ്ഞിരിക്കുന്നു. സ്കൂൾ നിയമാവലിയുടെ പകർപ്പും

റിപ്പോർട്ടിനൊപ്പം കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുള്ളതായി ടിയാളുടെ മൊഴിയിൽ പറഞ്ഞിരിക്കുന്നു. ലഭ്യമായിട്ടുള്ള രേഖകളുടേയും മൊഴിയുടെയും അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ള മറുപടി ശരിവച്ചുകൊണ്ട് കമ്മീഷൻ ഈ ഫയൽ തീർപ്പാക്കുന്നു. യാതൊരുവിധമായ തെളിവെടുപ്പും നടത്താതെയും നടപടിക്രമങ്ങൾ പാലിക്കാതെയും തീർപ്പുണ്ടാക്കിയ രണ്ടാം എതിർകക്ഷിയുടെ ഉത്തരവ് ന്യായീകരിക്കത്തക്കതല്ല. ഒന്നാം അപ്പീൽ തീർപ്പാക്കുന്നത് വിവരാവകാശ നിയമപ്രകാരമുള്ള വ്യവസ്ഥകൾ പരിശോധിച്ച് മാത്രമായിരിക്കണമെന്ന് നിർദ്ദേശിച്ച രണ്ടാം എതിർകക്ഷിയെ കമ്മീഷൻ താക്കീത് ചെയ്യുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 09-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp